ഭരണഭാഷ-മാതൃഭാഷ

നമ്പർ.400289/BAGC01/GPO/2023/5452/(2)

പവിത്രേശ്വരം ഗ്രാമ പഞ്ചായത്ത് ആഫീസ്

പവിത്രേശ്വരം
കരിമ്പിൻപുഴ.പി.ഓ
കൊല്ലം
Phone No:04742415526
E-mail:pavithreswaram2009@gmail.com

തീയതി : 22/11/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണ വകുപ്പ്,കൊല്ലം

സർ,

വിഷയം:- കെട്ടിടനമ്പർ ലഭിക്കുന്നതിനുള്ള കാലതാമസം - പരാതിയിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ബഹു.ജോയിൻറ് ഡയറക്ടർ,തദ്ദേശസ്വയംഭരണ ജില്ലാ ജോയിൻറ് ഡയറക്ടറുടെ കാര്യാലയത്തിലെ 24/10/2023-ാം തീയതിയിലെ LSGD/JD/KLM/6491/2023-E3-ാം നമ്പർ കത്ത്.
2. അങ്ങയുടെ ഓഫീസിലെ 21/11/2023-ാം തീയതിയിലെ IVO-2-41/2023-ാം നമ്പർ കത്ത്.

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിൻറെ 03/01/2018-ൽ A3/4241/17–18–ാം നമ്പർ പെർമിറ്റ് പ്രകാരം ശ്രീമതി.സതി,മുകളിൽ വീട്,മാറനാട് പി.ഒ എന്നവർക്ക് പവിത്രേശ്വരം വില്ലേജിൽ 279/10-ാം സർവ്വേ നമ്പറിൽ ഉൾപ്പെട്ട ഭൂമിയിൽ 198.74 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യത്തിനുള്ളതുമായ കെട്ടിടനിർമ്മാണം നടത്തുന്നതിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളതാണ്. ഈ പെർമിറ്റിൻറെ കാലാവധി 02/01/2021-ാംതീയതിയിൽ അവസാനിച്ചിട്ടുള്ളതുമാണ്. 11/10/2022-ാം തീയതിയിൽ ശ്രീ.സതീഷ് ഡി / ദിവ്യാദാസ്,മുകളിൽ വീട് എന്നവർ സമർപ്പിച്ച പൂർത്തീകരണ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ ഈ ഭൂമി കൊട്ടാരക്കര പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസിലെ 13/01/2021-ലെ 111/2021-ാം നമ്പർ ധനനിശ്ചയാധാരം പ്രകാരം പെർമിറ്റ് ഉടമ ടിയാളുടെ മകനായ ശ്രീ.സതീഷ് ഡി ടിയാൻ ഭാര്യ ദിവ്യാദാസ് എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്തു നൽകിയിട്ടുള്ളതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ പെർമിറ്റ് കൈമാറ്റം ചെയ്തിട്ടില്ലാത്തതുമാണ്. പരാതികക്ഷി സമർപ്പിച്ച പൂർത്തീകരണ റിപ്പോർട്ട് പരിഗണിച്ച് എൽ.എസ്.ജി.ഡി സാങ്കേതിക വിഭാഗം നടത്തിയ സ്ഥലപരിശോധന റിപ്പോർട്ടിൻറെ